എ.ബി 6/20580/16/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി 31/03/2016

# സർക്കുലർ

വിഷയം :- ഹൗസ് ബിൽഡിംഗ് അഡ്വാൻസ് റിക്കവറി യഥാസമയം നടത്തുന്നത് സംബന്ധിച്ച് :-

....

ആരോഗ്യവകുപ്പിൽ നിന്നും ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അനുവദിച്ചതിനുശേഷം പല സ്ഥാപനമേധാവികളും ബന്ധപ്പെട്ട ജീവനക്കാരന്റെ ശമ്പളത്തിൽ നിന്നും ആയതിന്റെ റിക്കവറി നടത്തുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത് ഗുരുതരമായ വീഴ്ചയായി കാണുന്നതും റിക്കവറി നടത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

എല്ലാ സ്ഥാപനമേധാവികളും തങ്ങളുടെ സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ച്, അവരിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് എടുത്തിട്ടുള്ളവരുണ്ടെങ്കിൽ അവരുടെ ശമ്പളത്തിൽ നിന്നും കൃത്യമായി ആയതിന്റെ റിക്കവറി നടത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

എ.ജിയിൽ നിന്നുള്ള ബ്രോഡ്ഷീറ്റ് നമ്പർ കിട്ടിയില്ലാ എന്ന കാരണം പറഞ്ഞുകൊണ്ടാണ് പല സ്ഥാപനങ്ങളും റിക്കവറി നടത്താതിരിക്കുന്നത്. എന്നാൽ എ.ജി യിൽ നിന്നുള്ള ബ്രോഡ് ഷീറ്റ് നമ്പർ സാധാരണഗതിയിൽ ജീവനക്കാരന്റെ പേരിലായിരിക്കും അയച്ചിട്ടുണ്ടാവുക. ആയതിന്റെ അടിസ്ഥാനത്തിൽ റിക്കവറി നടപടികൾ നടത്താവുന്നതാണ്.

അഡ്വാൻസ് അനുവദിച്ച് മൂന്ന് മാസത്തിനുള്ളിൽ എ.ജിയിൽ നിന്നും ബ്രോഡ് ഷീറ്റ് നമ്പർ കിട്ടിയില്ലായെങ്കിൽ ഈ വിവരം എച്ച്.ബി.എ അനുവദിച്ച ഡി.എച്ച്.എസ് ഉത്തരവിന്റെ ഒരു പകർപ്പ് സഹിതം സ്ഥാപനമേധാവി നേരിട്ട് എ.ജിയെ അറിയിക്കേണ്ടതാണ്. അതിനുശേഷവും ബ്രോഡ് ഷീറ്റ് നമ്പർ ലഭിക്കുന്നില്ലായെങ്കിൽ ഉത്തരവിന്റെ പകർപ്പ് ഉൾപ്പെടുത്തി ആരോഗ്യവകുപ്പ് ഡയറക്ടറെ വിവരം അറിയിക്കേണ്ടതാകുന്നു.

റിക്കവറി നടത്താൻ കാലതാമസം എടുക്കുംതോറും പലിശയിനത്തിൽ വൻവർദ്ധനവ് ഉണ്ടാകും.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ ഈ വിവരങ്ങൾ എല്ലാ സ്ഥാപനമേധാവികൾക്കും സർക്കുലേറ്റ് ചെയ്യേണ്ടതും മേൽ നിർദ്ദേശങ്ങൾ അവർ കർശനമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

G. S. Lekha

അഡീഷണൽ ഡി.എച്ച്.എസ് (എ&റ്റി) യ്ക്ക് വേണ്ടി

പകർപ്പ് :-

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

**www.dhs.kerala.in/notification**